# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7949 16.07.2014-ൽ മറുപടിക്ക്

ചോദ്യം ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ.കെ.എം.മാണി
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി

## കേന്ദ്ര ബഡ്ജറ്റിനു മുന്നോടിയായുള്ള കൂടികാഴ്ച

| | | |
|---|---|---|
| (എ) | കേന്ദ്രത്തിലെ പുതിയ സർക്കാരിന്റെ പൊതുബഡ്ജറ്റ് അവതരണത്തനു മുന്നോടിയായി സംസ്ഥാന ധനകാര്യ വകുപ്പ് മന്ത്രി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള ഏതെല്ലാം കേന്ദ്ര മന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തിയെന്ന് വിശദമാക്കാമോ; | 2014-15ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും, പ്രധാനമന്ത്രി, കേന്ദ്ര ധനമന്ത്രി, കേന്ദ്ര വാണിജ്യ വകുപ്പു മന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി അവതരിപ്പിക്കുകയും ചെയ്തു. |
| (ബി) | കൂടിക്കാഴ്ചയിൽ കേരളത്തിൻെറ എന്തെല്ലാം ആവശ്യമാണ് മുന്നോട്ട് വച്ചതെന്ന് വെളിപ്പെടുത്താമോ; | സാമ്പത്തിക മാന്ദ്യത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ തിരിച്ചടി നേരിടുന്ന സംസ്ഥാനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിക്കുക, വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും വിപണി ഇടപെടലുകൾക്കായി കേന്ദ്ര സഹായം അനുവദിക്കുകയും ചെയ്യുക, സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ |

| | | |
|---|---|---|
| | | പുനരുദ്ധരിക്കുന്നതിനായി അടിസ്ഥാന സൗകര്യ വികസനം, വ്യാവസായിക വളർച്ച തുടങ്ങിയവയ്ക്ക് ഊന്നൽ കൊടുത്തു കൊണ്ട് ഒരു പ്രത്യേക മാന്ദ്യ വിരുദ്ധ പാക്കേജ് നടപ്പിലാക്കുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടേയും, പരമ്പരാഗത വ്യവസായങ്ങളുടെയും പുനരുദ്ധാരണത്തിനായി കേന്ദ്രസഹായം നൽകുക, പൊതു സേവനങ്ങളുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനം നടപ്പിലാക്കുന്ന ഇ ഗവേണൻസ് പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക, പാർപ്പിട സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചെലവുകുറഞ്ഞ വായ്പാപദ്ധതികൾ ആരംഭിക്കുക, ഭവനവായ്പകളുടെ നിലവിലുള്ള പലിശ നിരക്ക് കുറയ്ക്കുക, സംസ്ഥാനത്തെ അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി പ്രത്യേക പാക്കേജ് നടപ്പിലാക്കുക തുടങ്ങിയവയാണ് സംസ്ഥാനം ആവശ്യപ്പെട്ട പദ്ധതികളിൽ പ്രധാനപ്പെട്ടവ.<br>സംസ്ഥാനത്തിന്റെ ആശങ്കകൾ പരിഹരിച്ചു കൊണ്ട് ജി.എസ്.റ്റി (GST) നടപ്പിലാക്കുക, സേവന മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിന് നിലവിലെ സർവീസ് ടാക്സുകളുടെ നിരക്കുകൾ കുറയ്ക്കുക, റബ്ബർ, നാളികേരം തുടങ്ങി മുഖ്യമായും സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന നാണ്യവിളകളുടെ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കുക, നിർമ്മാണ മേഖലയുടെ വളർച്ച മുൻനിർത്തി ഇറക്കുമതി ചെയ്യുന്ന തടിയുടെ കസ്റ്റംസ് തീരുവ ഒഴിവാക്കുക, വ്യാവസായിക മേഖലയിൽ നിക്ഷേപം ആകർഷിക്കുന്നതിനും വ്യാവസായിക ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനും വേണ്ടി പുതിയ വ്യവസായ യുണിറ്റുകൾക്ക് എക്സൈസ് |

| | | |
|---|---|---|
| | | തീരുവയിൽ ഇളവ് അനുവദിക്കുക, തുടങ്ങിയ നികുതി നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. |
| (സി) | ഈ ഓരോ ആവശ്യത്തോടും കേന്ദ്രസർക്കാർ നിലപാട് എന്തായിരുന്നെന്ന് വിശദമാക്കാമോ; | സംസ്ഥാന സർക്കാർ ആവശ്യങ്ങളോട് കേന്ദ്ര സർക്കാരിന് പൊതുവേ അനുകൂല പ്രതികരണമാണ് ഉണ്ടായിരുന്നത്. |

സെക്ഷൻ ഓഫീസർ